**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6546** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യ കൃഷി പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്നും ഇതിനുള്ള സഹായത്തിനായി ഗുണഭോക്താക്കൾ ആരെയാണ് സമീപിക്കേണ്ടതെന്നും വിശദമാക്കുമോ; | (എ) | ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ‘സുഭിക്ഷകേരളം’ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 73.3973 കോടി രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ‘സുഭിക്ഷകേരളം’ ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികളായ ബയോഫ്ളോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ചെറുകിട അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 3524 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇതിനുള്ള സഹായത്തിനായി ഗുണഭോക്താക്കൾക്ക് മത്സ്യഭവൻ ഓഫീസുമായോ മത്സ്യ വകുപ്പ് ജില്ല ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. |
| (ബി) | മലപ്പുറം ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് സഹായകരമായ ഓഫീസ് സംവിധാനങ്ങൾ എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ താഴെ പറയുന്നിടങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് സഹായകരമായ ഓഫീസ് സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>• മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പൊന്നാനി.<br>• ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, എഫ്. എഫ്. ഡി.എ. |

| | | | |
|---|---|---|---|
| | | | • ഫിഷറീസ് എക്സ്റ്റൻഷൻ കം ട്രെയിനിംഗ് സെന്റർ ഉണ്ണ്യാൽ, നിറമരുതൂർ, തിരൂർ,<br>• മത്സ്യ ഭവൻ, പൊന്നാനി.<br>• മത്സ്യ ഭവൻ, പുറത്തൂർ.<br>• മത്സ്യ ഭവൻ, താനൂർ.<br>• മത്സ്യ ഭവൻ, പരപ്പനങ്ങാടി.<br>• മത്സ്യ ഭവൻ, വെട്ടം.<br>• മത്സ്യ ഭവൻ, നിലമ്പൂർ.<br>• പെരിന്തൽമണ്ണ - അങ്ങാടിപ്പുറം ക്ലസ്റ്റർ ഓഫീസ്.<br>• മലപ്പുറം ക്ലസ്റ്റർ ഓഫീസ്- മലപ്പുറം മുനിസിപ്പാലിറ്റി. |
| (സി) | ചാലിയാറിലെ പുഴ മത്സ്യങ്ങളുടെ വർദ്ധനവിന് മത്സ്യക്കുഞ്ഞുങ്ങളെ പുഴയിൽ നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മത്സ്യക്കുഞ്ഞുങ്ങളെ ചാലിയാർ പുഴയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2020-21 സാമ്പത്തിക വർഷം ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ (പോത്തുകൽ, എടവണ്ണ) 5ലക്ഷം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. വരും വർഷങ്ങളിലും ചാലിയാർ പുഴയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ